025342

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - ജീവനക്കാര്യം- തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.ഷർനാ സജാദിനെ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ വയനാട് ജില്ലയിൽ സ്റ്റാഫ് നഴ്സ്ഗ്രേഡ്-2 തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

സ.ഉ(സാധാ.)നം.1673/2017/തൊഴിൽ. തിരുവനന്തപുരം, തീയതി: 23.12.2017

---

പരാമർശം: 1) ശ്രീമതി.ഷർനാ സജാദിന്റെ 20.10.2017-ലെ അപേക്ഷ.

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 10.11.2017 ലെ ഇഇ 1-95284/17/ഡി.എച്ച്.എസ് നമ്പർ കത്ത്.

3) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 16.11.2017 ലെ ഇ 5-22217/2017/ഡി.ഐ.എം.എസ്. നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.ഷർനാ സജാദ്, കുടുംബപരമായ കാരണങ്ങളാൽ തനിക്ക് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ വയനാട് ജില്ലയിലെ ഇ.എസ്.ഐ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (1) മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു.

(2) ശ്രീമതി ഷർനാ സജാദിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുകയാണെങ്കിൽ ആരോഗ്യ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ല എന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

(3)നിലവിൽ വയനാട് ജില്ലയിൽ കൽപ്പറ്റ ഇ.എസ്.ഐ ഡിസ്പെൻസറി മാത്രം ആണ് ഉള്ളത് എന്നും ടി ഡിസ്പെൻസറിയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ന്റെ ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിരിക്കുകയാണ് എന്നും എന്നാൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ പി.എസ്.സിയിൽ നിന്ന് ലഭിച്ച നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടി ഒഴിവിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനം നടത്തുന്നതിനായി ടി ഒഴിവ് കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിരിക്കുകയാണ് എന്നും പരാമർശം (3) പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വയനാട് ജില്ലയിലെ കൽപ്പറ്റ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിലവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ ഉള്ള ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും താൽക്കാലിക നിയമനം ലഭിച്ച ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതിന് ഹാജരാകുന്നതു വരെയോ അല്ലെങ്കിൽ ഈ ഉത്തരവ് തീയതി മുതൽ ഒരു വർഷം വരെയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ ശ്രീമതി.ഷർനാ സജാദിനെ നിലവിലുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സരളമ്മ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി.ഷർനാ സജാദ്,സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഡി.ബി സെൽ) കേരളം, തിരുവനന്തപുരം.
പൊതുജന വിവര സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയാ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി
ആരോഗ്യ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.
ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Endt. on No. E5-22217/2017/DIMS Dtd. 29.12.2017**

Copy of the order is communicated for favour of necessary action. Date of joining duty shall be reported promptly.

for Director of Insurance Medical Services

To

1. The Regional Deputy Director, IMS, North Zone, Kozhikode
2. The Insurance Medical Officer, ESI Dispensary, Kalpetta